## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 929** **20/03/2012 ൽ മറുപടിക്ക്**

## സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായുള്ള കേന്ദ്രവിഹിതം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ജി. സുധാകരൻ :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി പി. അയിഷാ പോറ്റി :<br>,, കെ. കെ. ലതിക : | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർവ്വശിക്ഷാ അഭിയാന് അടുത്തവർഷത്തേയ്ക്കുള്ള കേന്ദ്ര വിഹിതത്തിൽ കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കുമോ; | എ) | സർവ ശിക്ഷാ അഭിയാന്റെ 2012-13 വാർഷിക പദ്ധതി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അംഗീകരിച്ചതിന്റെ മിനിട്സ് ലഭിച്ചിട്ടില്ല |
| ബി) ഈ വർഷത്തെ ഫണ്ട് വിനിയോഗത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; ഫണ്ട് പൂർണ്ണമായി വിനിയോഗിക്കപ്പെടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ബി) | ഫണ്ട് വിനിയോഗത്തിൽ അപാകതകൾ സംഭവിച്ചിട്ടില്ല. സർക്കാർ ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ ഹെഡ് ടീച്ചർ, പാർട്ട്ടൈം ഇൻസ്ട്രക്ടർ, ആർട്ട് എഡ്യു ക്കേഷൻ, ഹെൽത്ത് എഡ്യൂക്കേ ഷൻ, വർക്ക് എഡ്യൂക്കേഷൻ എന്നീ തസ്തികകളിലെ ആകെ 8512 തസ്തികയ്ക്കുള്ള 151 കോടി രൂപയും ബി.ആർ.സി തലത്തിൽ എം.ഐ.എസ്. കോ- ഓർഡിനേറ്റർമാരുടെ 3.05 കോടി രൂപയും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 1.90 കോടി രൂപയും അക്കൗണ്ടന്റിന്റെ 1.90 കോടി രൂപയും നിയമനം പൂർണമായി നടക്കാത്തതിനാൽ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| സി) തന്നാണ്ടിലേയ്ക്ക് അനുവദിച്ച തുകയും ചെലവായ തുകയും സംബന്ധിച്ചു വിശദമാക്കുമോ; | സി) | 29.2.2012 വരെ അനുവദിച്ച തുകയും ചെലവായ തുകയും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ചെലവ് വിവരങ്ങൾ പ്രൊവിഷണലാണ്. |
| ഡി) സംസ്ഥാനത്ത് പ്രാഥമിക വിദ്യാ ഭ്യാസമേഖലയുടെ നിലവാരം സംബന്ധിച്ചു പരിശോധിച്ചി ട്ടുണ്ടോ? | ഡി) | പരിശോധിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖല മെച്ചപ്പെട്ടനിലവാരത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഇടപെടൽ മേഖലയുടെ അടങ്കൽ തുകയും (വാർഷികപദ്ധതി 2011-2012 പ്രകാരം) ചെലവഴിച്ച തുകയും (29/02/2012 വരെ)

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ഇടപെടൽ മേഖല | അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | പുതിയതായി നിയമിച്ച അധ്യാപകർക്കുള്ള ശമ്പളം | 15466.90 | 0.00 | 0.00 |
| 2 | ബ്ലോക്ക് റിസോഴ്സ് സെന്റർ | 4025.88 | 3446.41 | 85.61 |
| 3 | ക്ലസ്റ്റർ റിസോഴ്സ് സെന്റർ | 2752.95 | 1135.01 | 41.23 |
| 4 | നിർമാണ പ്രവർത്തനം | 6057.75 | 2832.44 | 46.76 |
| 5 | എ.ഐ.ഇ/എം.ജി.എൽ.സി. | 49.72 | 0.56 | 1.13 |
| 6 | സൗജന്യ പാഠപുസ്തകം | 5662.53 | 3626.47 | 64.04 |
| 7 | നൂതന പ്രവർത്തനങ്ങൾ | | | |
| | (a) കമ്പ്യൂട്ടർ അധിഷ്ഠിത പഠനം | 700.00 | 21.70 | 3.10 |
| | (b) പെൺകുട്ടികളുടെ വിദ്യാഭ്യാസം | 205.62 | 154.36 | 75.07 |
| | (c) ആദ്യകാല ശിശുപരിചരണവും വിദ്യാഭ്യാസവും | 151.25 | 95.62 | 63.22 |
| | (d) എസ്.സി./എസ്.ടി. കുട്ടികളുടെ പഠനം | 202.16 | 164.87 | 81.55 |
| | (e) ന്യൂനപക്ഷ വിദ്യാർഥികളുടെ പഠനം | 140.97 | 98.74 | 70.04 |
| 8 | സംയോജിത വിദ്യാഭ്യാസ പദ്ധതി | 2994.93 | 1540.05 | 51.42 |
| 9 | അറ്റകുറ്റപണിക്കുള്ള ഗ്രാന്റ് | 424.97 | 416.86 | 98.09 |
| 10 | മാനേജ്മെന്റ് & എം.ഐ.എസ്. | 1433.71 | 1070.26 | 74.65 |
| | പഠനബോധന പരിപാടി | 328.14 | 221.85 | 67.61 |
| | കമ്മ്യൂണിറ്റി മൊബലൈസേഷൻ | 216.07 | 117.91 | 54.57 |
| 11 | ഗവേഷണവും മൂല്യനിർണയവും | 149.92 | 111.55 | 74.41 |
| 12 | സ്കൂൾ ഗ്രാന്റ് | 811.76 | 802.32 | 98.84 |
| 13 | ടീച്ചർ ഗ്രാന്റ് | 656.65 | 612.60 | 93.29 |
| 14 | ടീച്ചർ ട്രെയിനിംഗ് | 4001.92 | 2527.78 | 63.16 |
| 15 | കമ്മ്യൂണിറ്റി ട്രെയിനിംഗ് | 674.35 | 159.75 | 23.69 |
| 17 | ടി.എൽ.ഇ. | 24.80 | 0.02 | 0.08 |
| 18 | മറ്റുള്ളവ | | 558.47 | |
| | സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് | 503.55 | 332.24 | 65.98 |
| | ആകെ | 47636.50 | 20047.84 | 42.09 |

സെക്രട്ടറിയേറ്റ്